# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 5126

28-10-2016 ൽ മറുപടിയ്ക്ക്

## തുറമുഖം വഴിയുള്ള ഗതാഗതത്തിനും ചരക്കു നീക്കത്തിനും ഉള്ള പ്രാധാന്യം

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. എം. വിൻസെന്റ്<br>ശ്രീ. അൻവർ സാദത്ത്<br>ശ്രീ. വി. എസ്. ശിവകുമാർ<br>ശ്രീ. ഹൈബി ഈഡൻ | : | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി<br>( തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പ് മന്ത്രി) |

(എ) സംസ്ഥാനത്ത് തുറമുഖങ്ങൾ വഴിയുള്ള ഗതാഗതത്തിനും ചരക്ക് നീക്കത്തിനും ഉള്ള പ്രാധാന്യം തിരിച്ചറിഞ്ഞിട്ടുണ്ടോയെന്ന് വിശദമാക്കാമോ;

(എ) സംസ്ഥാനത്തെ തുറമുഖങ്ങൾ വഴി കണ്ടെയ്നറുകൾ കൈകാര്യം ചെയ്യുന്നതും യാത്രാ സൗകര്യങ്ങൾ ഒരുക്കുന്നതും, തുറമുഖങ്ങൾ വഴിയുള്ള ഗതാഗതത്തിനും ചരക്കുനീക്കത്തിനുമുള്ള പ്രാധാന്യം കണക്കിലെടുത്തു കൊണ്ടാണ് .

(ബി) ഇതിനായി തുറമുഖങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിൽ എന്തെല്ലാം കർമ്മ പദ്ധതികളാണ് ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ ;

(ബി) കൊല്ലം, അഴീക്കൽ, ബേപ്പൂർ എന്നീ തുറമുഖങ്ങളിൽ കണ്ടെയ്നറുകൾ കൈകാര്യം ചെയ്യുന്നതിനായി ക്രയിൻ, റീച്ച് സ്റ്റാക്കർ എന്നിവ ലഭ്യമാക്കിയിട്ടുണ്ട്. കൊല്ലം തുറമുഖത്ത് കസ്റ്റംസ് ഡിപ്പാർട്ടുമെന്റിനു ഇ.ഡി.ഐ സൗകര്യം നൽകിയിട്ടുണ്ട്. കൂടാതെ വിഴിഞ്ഞം തുറമുഖത്തിന്റെ സീവേഡ് വാർഫിന്റെ നീളം കൂട്ടൽ, കൊല്ലം തുറമുഖത്ത് പാസഞ്ചർ ടെർമിനൽ നിർമ്മാണം, ബേപ്പൂർ തുറമുഖത്തെ ബർത്തിന്റെ നീളം കൂട്ടൽ, കൊടുങ്ങല്ലൂർ തുറമുഖത്തിന്റെ വികസനം എന്നിവ വിവിധ ഘട്ടത്തിലാണ്. കോട്ടയം ജില്ലയിലെ നാട്ടകം തുറമുഖം സ്വകാര്യ തുറമുഖമായാണ് വികസിപ്പിച്ചത് 46 കോടി രൂപ മുതൽമുടക്കിൽ കൊടുങ്ങല്ലൂർ തുറമുഖം വികസിപ്പിക്കുന്നതിനുള്ള നടപടികൾ നടന്നു വരുന്നു. മലബാർ പോർട്ട്സ് പ്രൈവറ്റ് ലിമിറ്റഡ് തയ്യാറാക്കിയ പദ്ധതി അനുസരിച്ച് 736 കോടി രൂപ ചിലവിൽ പൊന്നാനിയിൽ തുറമുഖ

നിർമ്മാണം തുടങ്ങിക്കഴിഞ്ഞു. ആലപ്പുഴ തുറമുഖം മറീനയായി വികസിപ്പിക്കുന്നതിനുള്ള പദ്ധതി രൂപരേഖ തയ്യാറാക്കിയിട്ടുണ്ട്. അഴീക്കൽ തുറമുഖ വികസന ത്തിനായി 381 കോടി രൂപയുടെ പദ്ധതി രൂപരേഖയും തയ്യാറാക്കിയിട്ടുണ്ട്.

| | |
|---|---|
| (സി) ഈ ലക്ഷ്യം നേടുന്നതിന് മുൻ സർക്കാർ എന്തെല്ലാം പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ടെന്നുള്ള വിശദാംശങ്ങൾ വ്യക്തമാക്കാമോ ? | (സി) വിഴിഞ്ഞം തുറമുഖത്ത് ട്രാൻസിറ്റ് ഷെഡിന്റെ നിർമ്മാണം പൂർത്തികരിച്ചു. സീ വേർഡ് വാർഫ് ദീർഘിപ്പിക്കുന്നതിന് 10.35 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. കൊല്ലം, അഴീക്കൽ, ബേപ്പൂർ എന്നീ തുറമുഖങ്ങളിൽ കണ്ടെയ്നറുകൾ കൈകാര്യം ചെയ്യുന്നതിനായി ക്രെയിൻ, റീച്ച് സ്റ്റാക്കർ എന്നിവ ലഭ്യമാക്കിയിട്ടുണ്ട്. കൊല്ലം തുറമുഖത്ത് കപ്പലുകൾ അടുക്കുന്നതിനുള്ള സൗകര്യം ഒരുക്കുന്നതിനുവേണ്ടി ആഴം കൂട്ടുന്നതിനായി ഡ്രഡ്ജിംഗ് നടപ്പിലാക്കി. ഗുജറാത്ത് -കൊല്ലം- കൊച്ചി റൂട്ടിൽ സ്ഥിരം ചരക്ക് ഗതാഗതം നടത്തുന്നതിനുള്ള മാതൃക കാട്ടുന്നതിനായി ഒരു കണ്ടെയ്നർ ചരക്ക്കപ്പൽ കേരള മാരിടൈം ഡെവലപ്പ്മെന്റ് കോർപ്പറേഷൻ മുഖേന ചാർട്ടർ ചെയ്തു. കൊല്ലം, ബേപ്പൂർ എന്നീ തുറമുഖങ്ങളിൽ ആധുനിക സംവിധാനത്തോടു കൂടിയ പുതിയ 2 ടഗ്ഗുകൾ വാങ്ങി. കൊല്ലം പാസഞ്ചർ ടെർമിനലിനായി 21 കോടി രൂപയുടെ അനുമതി നൽകി. |

**സെക്ഷൻ ഓഫീസർ**